super notes. by CIVILIANZ
+91 8281 223 366

# ഐക്യകേരള പ്രസ്ഥാനം

മലയാളം സംസാരിക്കുന്ന പ്രദേശങ്ങളെ ഉൾപ്പെടുത്തി കേരള സംസ്ഥാനം രൂപവൽക്കരിക്കുന്നതിനായി നിലകൊണ്ട പ്രസ്ഥാനമാണ് 'ഐക്യകേരള പ്രസ്ഥാനം'. പ്രസ്ഥാനത്തിൻറെ മൂന്ന് പതിറ്റാണ്ടിലേറെ നീണ്ടുനിന്ന സമാധാനപരമായ പ്രവർത്തനങ്ങളിലൂടെ 1956 നവംബർ ഒന്നിന് കേരളസംസ്ഥാനം നിലവിൽ വന്നു

ഒരേ ഭാഷ സംസാരിച്ചിരുന്നവരെങ്കിലും മലയാളികൾ തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെ മൂന്ന് വ്യത്യസ്ത ഭരണമേഖലകളിലായി ഭിന്നിച്ചുകിടക്കുകയായിരുന്നു.

മദ്രാസ് പ്രസിഡൻസിയിലെ മലബാർ ജില്ല നേരിട്ട് ബ്രിട്ടീഷ് ഭരണത്തിൻ കീഴായിരുന്നു കൊച്ചിയും തിരുവിതാംകൂറും ബ്രിട്ടീഷ്കാരുടെ പരോക്ഷ ഭരണത്തിൻകീഴിലായിരുന്നു ഇതുകൂടാതെ, മൈസൂർ രാജ്യത്തിൻറെ തെക്കൻ കാനറ ജില്ലയുടെ ഭാഗമായിരുന്ന കാസർകോട് ഹോസ്ദുർഗ് താലൂക്കുകളിലും മലയാളം നിലവിലുണ്ടായിരുന്നു.

## അഞ്ച് ജില്ലകൾ

1956ല് കേരള സംസ്ഥാനം നിലവിൽ വരുമ്പോൾ 5 ജില്ലകൾ ആയിരുന്നു ഉണ്ടായിരുന്നത് തിരുവനന്തപുരം, കൊല്ലം, കോട്ടയം, തൃശ്ശൂർ, മലബാർ എന്നിവയാണവ

പത്തനംതിട്ട (1982 നവംബർ 1), കാസർഗോഡ് (1984 മെയ് 24) എന്നിവയാണ് കേരളത്തിലെ പതിമൂന്നാമത്തെ യും പതിനാലാമത്തെ യും ജില്ലകൾ

നിലവിൽ 14 ജില്ലകളാണ് കേരളത്തിലുള്ളത്.

## നാൾവഴികൾ

1920-ൽ നാഗ്പൂരിൽ ചേർന്ന ഇന്ത്യൻ നാഷനൽ കോൺഗ്രസ് സമ്മേളനം ഭാഷാടിസ്ഥാനത്തിൽ സംസ്ഥാന കോൺഗ്രസ് കമ്മിറ്റികൾ രൂപവത്കരിക്കാൻ തീരുമാനിച്ചു. ഇന്ത്യയിൽ ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനങ്ങളുടെ രൂപവത്കരണത്തിലേക്കുള്ള സുപ്രധാന ചുവടുവെപ്പായിരുന്നു ഇത്

WHATSAPP TELEGRAM INSTAGRAM YOUTUBE

super notes. by CIVILIANZ
+91 8281 223 366

ഇതേത്തുടർന്ന് തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങളെ ഉൾപ്പെടുത്തി (1921-ൽ കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റി (കെ.പി.സി.സി) നിലവിൽ വന്നു

കെ.പി.സി.സി.യുടെ നേതൃത്വത്തിൽ 1921 ഏപ്രിൽ 23 മുതൽ 26 വരെ ഒറ്റപ്പാലത്തു വച്ച് ഒന്നാം കേരള സംസ്ഥാന രാഷ്ട്രീയ സമ്മേളനം (അഖിലകേരള പ്രവിശ്യാ സമ്മേളനം) നടന്നു . ഈ സമ്മേളനത്തിലാണ് ആദ്യമായി മലബാർ, തിരുവിതാംകൂർ, കൊച്ചി എന്നിവിടങ്ങളിലെ പ്രതിനിധികൾ ഒരുമിച്ച് പങ്കെടുത്തത്. ആന്ധ്രാ കേസരി എന്നറിയപ്പെടുന്ന ടി. പ്രകാശമായിരുന്നു സമ്മേളനത്തിൻറെ അധ്യക്ഷൻ

കൊച്ചി, തിരുവിതാംകൂർ, നീലഗിരി, തെക്കൻ കാനറ, മാഹി, കൂർഗ്, ഗൂഡല്ലൂർ, ലക്ഷദ്വീപ് എന്നിവയെല്ലാം ഉൾപ്പെടുന്ന കേരളസംസ്ഥാനം രൂപവത്കരിക്കണമെന്ന് ഈ സമ്മേളനത്തിൽ രൂപവത്കരിച്ച ഐക്യകേരള കമ്മിറ്റി നിർദേശിച്ചു.

ജവാഹർലാൽ നെഹ്റുവിൻറെ അധ്യക്ഷതയിൽ ചേർന്ന പയ്യന്നൂർ കോൺഗ്രസ് സമ്മേളനത്തിൽ (1928) സ്വാതന്ത്ര്യത്തിനുശേഷം കേരളത്തെ ഒരു പ്രത്യേക സംസ്ഥാനമായി പുനഃസംഘടിപ്പിക്കണമെന്ന പ്രമേയം അവതരിപ്പിച്ചു.

1928 ഏപ്രിലിൽ നെഹ്റുവിൻറെ അധ്യക്ഷതയിൽ എറണാകുളത്തുവെച്ച് നടന്ന നാട്ടു രാജ്യ പ്രജാസമ്മേളനത്തിലാണ് ആദ്യമായി ഐക്യകേരളം' എന്ന ആശയം ഉയർന്നത്.

1937-ൽ നടന്ന തിരുവനന്തപുരം സമ്മേളനത്തിൽ വെച്ച് കൊച്ചിയും തിരുവിതാംകൂറും മലബാറും ഉൾപ്പെടുത്തി ഒരു സബ് ഫെഡറേഷൻ രൂപവത്കരിക്കണമെന്ന പ്രമേയം ഐക്യകണ്ഠേന അംഗീകരിച്ചു.

1938 ഫെബ്രുവരി 23-ന് രൂപംകൊണ്ട് തിരുവിതാകൂർ സ്റ്റേറ്റ് കോൺഗ്രസും 1941 ജനവരി 26-ന് രൂപംകൊണ കൊച്ചിരാജ്യ പ്രജാമണ്ഡലവും ഐക്യകേരളത്തെ അതിൻറെ ലക്ഷ്യങ്ങളിലൊന്നായി പ്രഖ്യാപിച്ചു.

1946 ഒക്ടോബർ 26-ന് കെ.പി. കേശവമേനോൻറെ അധ്യക്ഷതയിൽ ചെറുതുരുത്തിയിൽ നടന്ന യോഗത്തിൽ വെച്ച് ഐക്യകേരള പ്രസ്ഥാനത്തെ ശക്തമാക്കാൻ കെ.പി.സി.സി. ഉപസമിതി നിശ്ചയിച്ചു

WHATSAPP TELEGRAM INSTAGRAM YOUTUBE

**1947** ഏപ്രിലിൽ കെ. കേളപ്പൻറെ അധ്യക്ഷതയിൽ തൃശ്ശൂരിൽ ചേർന്ന ഐക്യകേരള കൺവെൻഷനിലും സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം **1948** ഫെബ്രുവരിയിൽ ആലുവയിൽ വെച്ച് ചേർന്ന ഐക്യകേരള സമ്മേളനത്തിലും കേരള രൂപവത്കരണം ആവശ്യപ്പെട്ടുകൊണ്ട് പ്രമേയം പാസാക്കി. ഇ. മൊയ്തു മൗലവിയാണ് തൃശ്ശൂർ ഐക്യകേരള കൺവെൻഷനിൽ വെച്ച് പ്രമേയം അവതരിപ്പിച്ചത്.

ഇതേത്തുടർന്ന്, **1949** ജൂലായ് ഒന്നിന് തിരുവിതാംകൂറിനെയും കൊച്ചിയെയും സംയോജിപ്പിച്ച് തിരു കൊച്ചി സംസ്ഥാനം രൂപവൽക്കരിച്ചു **(United State of Travancore and Kochi)**

തിരുവിതാംകൂർ രാജാവാണ് തിരുകൊച്ചി സംസ്ഥാനത്തിൻറെ രാജ്യ പ്രമുഖനായി ചുമതലയേറ്റത് ആദ്യ രാജപ്രമുഖൻ ശ്രീ ചിത്തിര തിരുനാൾ ബാലരാമവർമയായിരുന്നു.

തിരു-കൊച്ചിയുടെ ആദ്യ മുഖ്യമന്ത്രി പറവൂർ **T K** നാരായണപ്പിള്ളയും അവസാനത്തെ മുഖ്യമന്ത്രി പനമ്പിള്ളി ഗോവിന്ദമേനോനുമായിരുന്നു.

തിരു-കൊച്ചിയുടെ ഭരണതലസ്ഥാനം തിരുവനന്തപുരവും നിയമ തലസ്ഥാനം എറണാകുളവുമായിരുന്നു.

**1949** നവംബറിൽ പാലക്കാട്ട് നടന്ന ഐക്യകേരള സമ്മേളനം ഐക്യ കേരള കമ്മിറ്റിയുടെ കീഴിൽ രാജാവില്ലാത്ത കേരളസംസ്ഥാനം രൂപീകരിക്കാനുള്ള പ്രമേയം പാസാക്കി.

**1952**-ൽ കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ കേരളത്തിനായി കൺവെൻഷനുകളും പ്രക്ഷോഭാഹ്വാനങ്ങളും നടന്നു

ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനരൂപവത്കരണത്തിനായുള്ള ജനകീയ പ്രക്ഷോഭങ്ങൾ ശക്തമായതിനെ തുടർന്ന് കേന്ദ്ര ഗവൺമെന്റ് പുനഃസംഘടനാ കമ്മിഷൻ **(1953)** രൂപവര്ഷരിച്ചു.

ജസ്റ്റിസ് ഫസൽ അലിയുടെ നേതൃത്വത്തിലുള്ള കമ്മീഷൻ ഐക്യകേരള രൂപവത്കരണത്തിന് നിർദ്ദേശം നൽകി സർദാർ കെ എം പണിക്കർ എച്ച് എൻ കുൻസ്രു എന്നിവയാണ് മറ്റ് അംഗങ്ങൾ സമിതി **1955** സെപ്റ്റംബറിൽ റിപ്പോർട്ട് സമർപ്പിച്ചു

കമ്മിഷൻ റിപ്പോർട്ട് അടിസ്ഥാനത്തിൽ നിലവിൽ വന്ന സംസ്ഥാന പുനസംഘടന നിയമപ്രകാരം **(1956)** തിരു-കൊച്ചി പ്രദേശങ്ങളും മദ്രാസ് പ്രദേശത്തെ മലബാർ ജില്ലയും തെക്കൻ

super notes. by CIVILIANZ
+91 8281 223 366

കർണ്ണാടകത്തിന്റെ ഭാഗമായിരുന്ന കാസർകോട്, ഹോസ്ദുർഗ് താലൂക്കുകളും കൂട്ടിച്ചേർത്ത് കേരളസംസ്ഥാനം രൂപവത്കരിക്കാൻ ഇന്ത്യാ ഗവൺമെന്റ് ഉത്തരവായി.

അങ്ങനെ, 1956 നവംബർ ഒന്നിന് കേരളസംസ്ഥാനം ഔദ്യോഗികമായി രൂപവത്കൃതമായി. ഇന്ത്യൻ സംസ്ഥാനങ്ങൾ ഭാഷാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കപ്പെട്ടതും 1956 നവംബർ ഒന്നിനാണ്

ഇതോടെ തിരുവിതാംകൂറിൻറെ ഭാഗമായിരുന്ന തോവാള, അഗസ്തീശ്വരം, കൽക്കുളം, വിളവൻകോട് എന്നീ താലൂക്കുകൾ മദിരാശി സംസ്ഥാനത്തിന് വിട്ടുകൊടുത്തു.

ഐക്യകേരള പ്രതിജ്ഞ ആയ മൂന്നായി മുറിഞ്ഞുകിടക്കമീ കേരളം എന്ന കവിത എഴുതിയത് എൻ വി കൃഷ്ണവാരിയർ ആണ്

## കേരളവർമ്മ മഹാരാജാവ്

കേരളത്തിൻറെ ഏകീകരണത്തിന് നിർണായക പങ്കുവഹിച്ച വ്യക്തിയായിരുന്ന അന്നത്തെ കൊച്ചി മഹാരാജാവായ കേരളവർമ്മ ഏഴാമൻ

1946 ജൂലൈ 29ന് കൊച്ചി നിയമസഭയ്ക്ക് നൽകിയ കത്തിൽ അദ്ദേഹം മലബാറിനും കൊച്ചിക്കും തിരുവിതാംകൂറിലും ഒരു പൊതു ഭരണം സ്ഥാപിക്കാനുള്ള പദ്ധതി ആവിഷ്കരിക്കണമെന്നും കേരളത്തിൻറെ സംസ്കാരം നിലനിൽക്കണമെങ്കിൽ അത് ഒരു ഭരണത്തിൻ കീഴിൽ ആയിരിക്കണമെന്നും എഴുതി

1947ലെ തൃശ്ശൂരിലെ ഐക്യകേരള സമ്മേളനം ഉദ്ഘാടനം ചെയ്ത് അതിൽ ഐക്യകേരള രൂപവത്കരണത്തിനുള്ള പ്രമേയം പാസാക്കി

ഐക്യ കേരളത്തിനായി നിലകൊള്ളുന്നതിനാൽ ഇദ്ദേഹം ഐക്യകേരളം തമ്പുരാൻ എന്നറിയപ്പെടുന്നു

## KPCC

1920ലെ INC നാഗ്പൂർ സമ്മേളനത്തിൽ ഭാഷാടിസ്ഥാനത്തിൽ പ്രവിശ്യ കോൺഗ്രസ് കമ്മിറ്റികൾ രൂപീകരിക്കാൻ തീരുമാനിച്ചു. പ്രമേയം അവതരിപ്പിച്ചത് കെ മാധവൻ നായർ

WHATSAPP TELEGRAM INSTAGRAM YOUTUBE

**KPCC** യുടെ ആദ്യ ആസ്ഥാനം കോഴിക്കോട്

**KPCC** യുടെ അധ്യക്ഷനായി മാധവൻ നായർ നെ തെരഞ്ഞെടുത്തത് **- 1925**

## KPCC സമ്മേളനങ്ങൾ

**1921 -** ഒറ്റപ്പാലം **-** ടി പ്രകാശം

**V T** ഭട്ടതിരിപ്പാട് പങ്കെടുത്ത **KPCC** സമ്മേളനം **-1921**

**1923 -** കോഴിക്കോട് **-** സരോജിനി നായിഡു

**1927 -** കോഴിക്കോട് **- B G** ഹോർണിമാൻ

**1928 -** പയ്യന്നൂർ **-** ജവഹർലാൽ നെഹ്റു (സൈമൺ കമ്മീഷന് എതിരെ പ്രക്ഷോഭം ആരംഭിക്കാൻ തീരുമാനിച്ച കെപിസിസി സമ്മേളനം)

**1931 -** വടകര – നെല്ലിസെൻ ഗുപ്ത

കോൺഗ്രസിന്റെ വടകര സമ്മേളനത്തിൻറെ ഭാഗമായി കേരളത്തിൽ ആദ്യമായി മഹിളാ സമ്മേളനം നടന്നത് **- 1931**

**1932 -** കോഴിക്കോട് **-** സാമുവൽ ആരോൺ

**1935 -** കോഴിക്കോട് **-** സെയ്ദ് അബ്ദുൽ ബ്രെൽവി

**1938 -** കോഴിക്കോട് **-** ജയപ്രകാശ് നാരായണൻ

**1939 -** ബക്കളം **-** മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ്

**1940 -** കോട്ടയ്ക്കൽ **-** മുഹമ്മദ് അബ്ദുൽ റഹ്മാൻ സാഹിബ്

**1947 -** തൃശ്ശൂർ **- K** കേളപ്പൻ

**1952** ല് **KPCC** മലബാർ പ്രദേശ് കോൺഗ്രസ് കമ്മിറ്റി എന്നും തിരുക്കൊച്ചി പ്രദേശ് കോൺഗ്രസ് കമ്മിറ്റി എന്നും രണ്ടായി പിരിഞ്ഞു

മലബാർ പ്രദേശ് കോൺഗ്രസ് കമ്മിറ്റിക്ക് നേതൃത്വം നൽകിയത് – **A V** കുട്ടിമാളുഅമ്മ

തിരുകൊച്ചി പ്രദേശ് കോൺഗ്രസ് കമ്മിറ്റിക്ക് നേതൃത്വം നൽകിയത് **K R** ഇലങ്കത്ത്

**1956** ൽ കെപിസിസി അധ്യക്ഷൻ - കോഴിപ്പുറത്ത് മാധവ മേനോൻ

നിലവിൽ **KPPCC** യുടെ ആസ്ഥാനം ഇന്ദിരാഭവൻ (തിരുവനന്തപുരം)

## മലബാർ കോൺഗ്രസ് സമ്മേളനങ്ങൾ

മലബാർ ഹോംറൂൾ ലീഗിൻറെ പ്രസിഡന്റ് -മഞ്ചേരി രാമയ്യർ

സെക്രട്ടറി - കെ പി കേശവമേനോൻ

**1916 - പാലക്കാട് (Native High school ) - ആനി ബസന്റെ**

ഈ സമ്മേളനത്തിൽ ഇന്ത്യയ്ക്ക് സ്വയംഭരണാവകാശം വേണമെന്ന് പ്രമേയം അവതരിപ്പിച്ചത് - കെ പി കേശവമേനോൻ

**1917 - കോഴിക്കോട് -സർ സി പി രാമസ്വാമി അയ്യർ**

ഈ സമ്മേളനത്തിൽ ഏഷ്യയിലെ ജനങ്ങളുടെ ഉണർവ് എന്ന വിഷയത്തെക്കുറിച്ച് പ്രസംഗിച്ചത് - ആനി ബസന്റെ

**1918 - തലശ്ശേരി (ചിറക്കൽ രാജാവിന്റെ ക്ഷണമനസരിച്ച്) - അസിം അലി ഖാൻ**

ഇന്ത്യക്ക് സ്വയംഭരണം നൽകുന്നതിന് ബ്രിട്ടീഷ് ജനതയ്ക്കിടയിൽ പ്രചാരണം നടത്താൻ അയച്ച ഹോംറൂൾ ലീഗ് സംഘത്തിൽ ഉൾപ്പെട്ട നേതാവ് - മഞ്ചേരി രാമയ്യർ

**1919 - വടകര - കെ പി രാമൻ മേനോൻ**

**1920 ഏപ്രിൽ 28 - മഞ്ചേരി – കസ്തൂരിരംഗ അയ്യങ്കാർ**

ആഭ്യന്തര പ്രശ്നങ്ങൾ തുടർന്ന് ആനി ബസന്റെ ഇറങ്ങിപ്പോയി